**<u>നഗരാസൂത്രകന്റെ കാര്യാലയം,</u>**

**<u>ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224,</u>**

Email- tcpdidk@gmail.com.

**<u>നഗരാസൂത്രകന്റെ നടപടിക്രമം</u>**

**<u>(ഹാജർ ജിമ്മിച്ചൻ മാത്യു, നഗരാസൂത്രകൻ)</u>**

വിഷയം: മണക്കാട് ഗ്രാമപഞ്ചായത്ത് – അറക്കമിൽ കെട്ടിട നിർമ്മാണം – സ്ഥലവിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: 1. മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/05/2020 ലെ A4-599/20 നമ്പർ കത്ത്.

2. ശ്രീ സിദ്ദിഖ് കെ.എം, പുളിക്കാലിൽ ഹൌസ്, വെങ്ങല്ലൂർ പി.ഒ.യുടെ 15/06/2020 ലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPIDK/65/2020-D1 തീയതി 15/06/2020</u>**

മണക്കാട് ഗ്രാമപഞ്ചായത്തിൽ മണക്കാട് വില്ലേജ് റീ സർവ്വേ നമ്പർ 254/7 ൽപ്പെട്ട, ശ്രീമതി. ആലീസ് ജോഷി, ഒലിയപ്പുയറത്ത് ആരക്കുഴ എന്നയാളുടെ ഉടമസ്ഥതയിലുള്ള 1416 ച. മീ. വിസ്തീർണ്ണം വരുന്ന സ്ഥലം ശ്രീ. സിദ്ദിഖ് കെ.എം., പുളിക്കാലിൽ ഹൌസ്, വെങ്ങല്ലൂർ പി.ഒ. എന്നയാൾ പാട്ടത്തിനെടുത്ത് 120.86 ച. മീ. built up area ഉള്ള അറക്കമിൽ കെട്ടിട നിർമ്മാണത്തിന് അംഗീകാരത്തിനായി മേൽ പരാമർശങ്ങൾ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയതനുസരിച്ച് കെ. പി. ബി. ആർ 2019 ചട്ടം 5(6) അനുസരിച്ചുള്ള പരിശോധന നടത്തി ടി നിർമ്മാണത്തിന് ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥലവിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ 2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം എന്നിവയും ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉൾപ്പെടുന്നില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ 2019 ചട്ടം 79(7)അനുസരിച്ചുള്ള in-situ liquid waste management treatment plant, മലിനജല പുനഃരുല്പാദനത്തിനും പുനരുപയോഗത്തിനുമായുള്ള സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
3. നിർമ്മാണം കെ. പി. ബി. ആർ 2019-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായിരിക്കണം.

4. നിയമാനുസൃതം മറ്റ് ഏജൻസികൾ/ വകുപ്പുകൾ എന്നിവയിൽ നിന്നും നേടേണ്ടതായ അനുമതി/ എൻ.ഒ.സി എന്നിവ ലഭ്യമാക്കേണ്ടതാണ്.
   ഈ ഉത്തരവ് നിർമ്മാണ അനുമതിയല്ല. ചട്ട പ്രകാരമുള്ള നിർമ്മാണ അനുമതി ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും നേടേണ്ടതാണ്.

ഉള്ളടക്കം: അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ

JIMMICHEN MATHEW, TP TPIDK, O/o TP TPIDK

ശ്രീ. സിദ്ദിഖ് കെ.എം., പുളിക്കാലിൽ ഹൌസ്, വെങ്ങല്ലൂർ പി.ഒ.

പകർപ്പ്

1. സെക്രട്ടറി, മണക്കാട് ഗ്രാമപഞ്ചായത്ത്
2. കരുതൽ